MONDAY

01.04.2024

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR        Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/04/2024

1. തെങ്ങിൻതോപ്പുകളിൽ ഉൽപാദനവർധനയ്ക്കായി ശാസ്ത്രീയ പരിപാലനമുറകൾ അനുവർത്തിക്കുന്നതിന് കൃഷിവകുപ്പ് സംയോജിതകൃഷിക്കു സഹായം നൽകുന്നു. മണ്ണുപരിപാലന ഉപാധികൾ, വേപ്പിൻപിണ്ണാക്ക്, എൻപികെ വളം, മഗ്നീഷ്യം സൽഫേറ്റ്, സസ്യസംരക്ഷണോപാധികൾ, ജീവാണുവളങ്ങൾ, ജൈവ കീടനാശിനികൾ, പച്ചിലവള വിത്തുകൾ, ഇടവിളകൾ എന്നിവയ്ക്കാണ് സഹായം. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഒരു പ്രദേശത്ത് തുടർച്ചയായി 25-50 ഹെക്ടറിൽ കൃഷി ചെയ്യുകയാണ് ലക്ഷ്യം. ഹെക്ടറിന് 35,000 രൂപ രണ്ടു ഗഡുക്കളായി സഹായം നൽകും.

2. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബി. വി. 380 ഇനം കോഴിക്കുഞ്ഞ് ഒന്നിന് 160 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. സംസ്ഥാനസർക്കാർ മത്സ്യവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം നടപ്പാക്കുന്ന വിവിധ ഘടകപദ്ധതികളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അർധ ഊർജ്ജിത (തിലാപ്പിയ, ആസാംവാള, വരാൽ, അനബാസ്, കാർപ്പ്) മത്സ്യകൃഷി, പടുതാകുളങ്ങളിലെ (ആസാംവാള, വരാൽ, അനബാസ്) മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (തിലാപ്പിയ), ബയോഫ്ളോക്കിലെ മത്സ്യകൃഷി (തിലാപ്പിയ) എന്നിവയാണ് ഘടകപദ്ധതികൾ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 30. അപേക്ഷ ഫോമുകളും കൂടുതൽ വിവരങ്ങളും നെടുങ്കണ്ടം മത്സ്യഭവൻ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ പ്രൊമോട്ടർമാർ എന്നിവരിൽ നിന്നും ലഭിക്കും. കൂടുതൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ മത്സ്യഭവൻ ഇടുക്കി- 04862 233226, മത്സ്യഭവൻ നെടുങ്കണ്ടം- 04868 234505 എന്നിവിടങ്ങളിൽ നിന്ന് ലഭിക്കും.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം പദ്ധതികൾ നടപ്പാക്കാൻ താൽപ്പര്യമുള്ള പഞ്ചായത്തുകൾക്ക് അപേക്ഷിക്കാം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം, പിൻ-695024. ഫോൺ - 9495000920, 9495000933.

5. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് രണ്ടു ടണ്ണിൽ കൂടുതൽ ശേഷിയുള്ള പിക്-അപ് വാഹനം വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയതി ഏപ്രിൽ 12ന് (12/04/2024) പകൽ 11 മണിവരെയാണ്.കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ പൂക്കോട് വെറ്ററിനറി കോളേജ് മൃഗപ്രത്യുല്പാദന-പ്രസവചികിത്സാവിഭാഗം 2024 മാർച്ച് മുതൽ ജൂലൈ വരെ മൂന്ന് ബാച്ചുകളിലായി **ആടുകളിലെ കൃത്രിമബീജാധാനം** (Artificial Insemination in Goats) എന്ന വിഷയത്തിൽ രണ്ടുദിവസത്തെ ശാസ്ത്രീയ-പ്രായോഗിക പരിശീലനം നടത്തുന്നു. യൂണിവേഴ്സിറ്റിയുടെ വയനാടുള്ള പൂക്കോട് സെന്ററിൽ വെച്ചായിരിക്കും പരിശീലനം. ഓരോ ബാച്ചിലും 10 പേർക്കാണ് പ്രവേശനം. പശുക്കളിലെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

കൃത്രിമബീജാധാനത്തിൽ പരിശീലനം ലഭിച്ചവർക്കാണ് ഈ പ്രായോഗിക പരിശീലനം നൽകുക. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 7909292304 എന്ന ഫോൺ നമ്പറിലോ അല്ലെങ്കിൽ lekshmibhai@kvasu.ac.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. നാലുമാസം പ്രായമായ വാഴകൾക്ക് വാഴ ഒന്നിന് 100 ഗ്രാം യൂറിയ എന്ന തോതിൽ വളപ്രയോഗം നടത്തേണ്ടതാണ്. ഇലപ്പുള്ളി രോഗം തടയുന്നതിനുവേണ്ടി സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ 20 ഗ്രാം എന്ന തോതിൽ തളിക്കേണ്ടതും രോഗം ആരംഭിച്ച വാഴകൾക്ക് 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കേണ്ടതുമാണ്. തോട്ടം വൃത്തിയായി സൂക്ഷിക്കുക. കർഷകർ പിണ്ടിപ്പുഴുവിനെതിരെ ജാഗ്രത പാലിക്കേണ്ടതാണ്. ഇലകൾക്ക് പച്ചപ്പ് കുറഞ്ഞ വാഴകളിൽ മഗ്നീഷ്യം ടൂ ഗ്രാം/ലിറ്റർ എന്ന തോതിൽ തളിച്ച് കൊടുക്കാവുന്നതാണ്

8. **കാർഷിക നിർദ്ദേശം -ഇഞ്ചി** -ഇഞ്ചി വിളവെടുപ്പിന് പകകമായി വരുകയാണ്. ചുക്കിനുള്ള ഇഞ്ചിയ്ക്ക് വിശേഷിച്ച് ഒന്നും ചെയ്യേണ്ടതില്ല.

9. **ഏലം** -ഏലപ്പേനിന്റെ ആക്രമണം ഉണ്ടാകാൻ സാധ്യതയുണ്ട്. അഴുകൽ രോഗത്തെ പ്രതിരോധിക്കാൻ ബോർഡോമിശ്രിതം 500-1000 മില്ലി/ഒരു മൂടിന് എന്ന തോതിൽ തളിക്കണം. തണ്ട്/ പൂക്കുല തുരപ്പനെതിരെ ജാഗ്രത പാലിക്കുക. കടചീയൽ രോഗത്തെ ചെറുക്കുവാൻ ട്രൈക്കോഡർമ, സ്യൂഡോമോണാസ് കൾചറുകൾ ഉപയോഗിക്കുക. കൃഷിയിടം കളവിമുക്തമാക്കി സൂക്ഷിക്കുക. ഏലപ്പേനിനെതിരേ ജാഗ്രത പാലിക്കുക.

**കാപ്പി** -കായ് തുരപ്പനെതിരേ ക്യൂനാൽഫോസ് (0.05%) 400 ml/200 ലിറ്റർ എന്ന തോതിൽ തളിച്ച് കൊടുക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം